കമ്മീഷൻ ചെയ്യുന്നതിനുമുമ്പ് വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏത് സപ്ലൈയറിൽ നിന്ന് എത്ര ലക്ഷം രൂപയ്ക്കാണ് വാങ്ങിയത്;

(ബി) പ്രസ്തുത സ്പെയർ പാർട്സുകൾ വാങ്ങാൻ എന്നാണ് ഓർഡർ കൊടുത്തത്; എത്ര മാസത്തിനകം സപ്ലൈ ചെയ്യാനാണ് ഓർഡറിൽ പറഞ്ഞിരിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫാക്ടറി കമ്മീഷൻ ചെയ്യുന്നതിനുമുമ്പ് ദീർഘകാല വാറണ്ടിയും ഗാരണ്ടിയുമുള്ള സ്പെയർ പാർട്ട്സ് വാങ്ങിയത് സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ അവർ ആരെല്ലാം; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചേർത്തല ഗ്രൈന്റിംഗ് യൂണിറ്റിലെ മിൽ കമ്മീഷനിംഗിന് മുമ്പ് സ്പെയർപാർട്ട്സ് ലൈനർ പ്ലേറ്റുകൾ വാങ്ങിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

മലബാർ സിമൻറ്സിലെ നിയമനങ്ങൾ

106 [1287] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ മാനേജ്മെന്റ് തസ്തികകൾ ഉൾപ്പെടെ ഇപ്പോൾ എത്ര പേരാണ് പണിയെടുക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) മലബാർ സിമന്റ്സിലെ നിയമനങ്ങൾ എപ്രകാരമാണ് നടത്തുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേരെ വിവിധ തസ്തികകളിൽ ഇവിടെ നിയമിച്ചിട്ടുണ്ട്;

(ഡി) ഇവിടത്തെ നിയമനങ്ങളിൽ എന്തെങ്കിലും സംവരണതത്വം പാലിക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മലബാർ സിമന്റ്സിൽ നിയമവിരുദ്ധമായി നിയമനങ്ങൾ നടക്കുന്നു എന്നു ആരോപിച്ച് പ്രക്ഷോഭങ്ങൾ നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) മലബാർ സിമന്റ്സിൽ 134 മാനേജേരിയൽ തസ്തികകളുൾപ്പടെ 1089 പേർ ഇപ്പോൾ പണിയെടുക്കുന്നുണ്ട്.

(ബി) പൊതുമേഖലയിലെ നിയമനങ്ങൾ സംബന്ധിച്ച 28-2-1992-ലെ സർക്കുലർ നം. 14896/BPE2/91/Plg. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് മലബാർ സിമന്റ്സിലെ നിയമനങ്ങൾ നടത്തുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലബാർ സിമന്റ്സിൽ 56 പേരെ സ്ഥിര ഒഴിവുകളിലേയ്ക്കും 27 പേരെ താൽക്കാലിക ഒഴിവുകളിലേയ്ക്കും നിയമിച്ചിട്ടുണ്ട്.

(ഡി) നിയമനങ്ങളിൽ സംവരണം തത്വം പാലിക്കാറുണ്ട്.

(ഇ) ഉണ്ട്.

(എഫ്) റിട്ടയർമെന്റ് മൂലം കമ്പനിയിൽ ഉണ്ടായിട്ടുള്ള വിവിധ ഒഴിവുകളിൽ യോഗ്യരായവരെ താഴ്ന്ന തസ്തികകളിൽനിന്നും ഉയർന്ന തസ്തികകളിലേയ്ക്ക് പ്രമോഷൻ നൽകിയതുമൂലം ഉണ്ടായ മസ്ദൂർ ഒഴിവുകളിലേയ്ക്ക് നിയമനം നടത്താനാണ് കമ്പനി നടപടികൾ സ്വീകരിച്ചത്. പുതുതായി തസ്തികകൾ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. മുൻകാലങ്ങളിൽ മസ്ദൂർമാരെ തെരഞ്ഞെടുക്കാൻ സ്വീകരിച്ച അതേ നടപടിക്രമങ്ങൾ തന്നെയാണ് ഈ അവസരത്തിലും കമ്പനി സ്വീകരിച്ചത്. എന്നാൽ പരാതികൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് മസ്ദൂർ തസ്തികയിലെ നിയമന നടപടികൾ നിറുത്തിവെയ്ക്കുവാൻ പറഞ്ഞിട്ടുണ്ട്.

മലബാർ സിമൻറ്സിലെ ക്രമക്കേടുകൾ

107 [1288] ശ്രീ. എ. കെ. ബാലൻ:

,, വി. കെ. ചന്ദ്രൻ:

,, വി. ചെന്താമരാക്ഷൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly